ഉത്തരം

(എ ആന്റ് ബി) ഇടുക്കി ജില്ലയിൽ നിന്നും താഴെ പറയുന്ന 11 പി.എച്ച്.സി.-കൾ നബാർഡിന്റെ ധനസഹായത്തോടുകൂടിയുള്ള നവീകരണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്:

1. പി.എച്ച്.സി., ബൈസൺവാലി
2. പി.എച്ച്.സി., ഇടവെട്ടി
3. പി.എച്ച്.സി., കഞ്ഞിക്കുഴി (തല്ലക്കാനം)
4. പി.എച്ച്.സി., കരിങ്കുന്നം
5. പി.എച്ച്.സി., കോടികുളം
6. പി.എച്ച്.സി., മണക്കാട്
7. പി.എച്ച്.സി., മാങ്കുളം
8. പി.എച്ച്.സി., തട്ടക്കുഴ
9. പി.എച്ച്.സി., ഉദംപനൂർ
10. പി.എച്ച്.സി., വാഴത്തോപ്പ്
11. പി.എച്ച്.സി., വെള്ളത്തൂവൽ

പ്രസ്തുത നിർദ്ദേശങ്ങൾ (കെട്ടിട നിർമ്മാണവും ഉപകരണങ്ങൾ വാങ്ങലും) നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. എന്നാൽ നബാർഡിന്റെ അന്തിമമായ അംഗീകാരം ലഭിച്ചിട്ടില്ല.

(സി) നബാർഡിന്റെ ധനസഹായത്തോടെ സംസ്ഥാനത്തെ ഗ്രാമീണാരോഗ്യ കേന്ദ്രങ്ങളുടെ (സബ്സെന്ററുകൾ, പി.എച്ച്.സി.-കൾ, സി.എച്ച്.സി.-കൾ) അടിസ്ഥാന സൗകര്യ വികസനത്തിനായി (കെട്ടിട നിർമ്മാണവും ഉപകരണങ്ങൾ വാങ്ങുന്നതും) ഒരു പദ്ധതി ആവിഷ്ക്കരിച്ച് മേൽ പ്രസ്താവിച്ച 11 പ്രൊപ്പോസലുകൾ ഉൾപ്പെടെ 435 പ്രോജക്ട് പ്രൊപ്പോസലുകൾ നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. നബാർഡിന്റെ അന്തിമമായ അംഗീകാരം ലഭിച്ചാൽ മാത്രമേ സമയബന്ധിതമായി ഈ പദ്ധതി നടപ്പിലാക്കാൻ കഴിയുകയുള്ളൂ.

ലോകബാങ്ക് പദ്ധതിപ്രകാരം സംസ്ഥാനത്തെ ഗവൺമെന്റ് ആശുപത്രികളുടെ പുനരുദ്ധാരണം

128 [1705] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് പദ്ധതിപ്രകാരം പന്തളം നിയോജകമണ്ഡലത്തിലെ ആലപ്പുഴ ജില്ലയിൽപ്പെട്ട ചുനക്കര പി.എച്ച്.സി. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) രോഗികളുടെ ബാഹുല്യം കണക്കിലെടുത്ത് ചുനക്കര പി.എച്ച്.സി., പടനിലം പി.എച്ച്.സി. എന്നിവ അടിയന്തിരമായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ ആവശ്യത്തിനായി ലോകബാങ്ക് പദ്ധതി നിലവിലില്ല.

(ബി) ഓരോ വർഷവും കേന്ദ്ര സർക്കാർ അനുവദിച്ച് നിശ്ചയിക്കുന്ന കാട്ട അനുസരിച്ചാണ് പി.എച്ച്.സി.-കളെ സി.എച്ച്.സി.-കളായി അപ്ഗ്രേഡ് ചെയ്യുന്നത്. പത്താം പഞ്ചവത്സര പദ്ധതിയിൽ (2002—2007) 75 സി.എച്ച്.സി.-കൾ അനുവദിച്ചതിൽ ഇതുവരെയായി 39 എണ്ണം അനുവദിച്ചിട്ടുണ്ട്. സെന്ററുകളിലെ ഭൗതിക സാഹചര്യവും പ്രാദേശികമായ പ്രത്യേകതകളും കണക്കിലെടുത്താണ് പി.എച്ച്.സി.-കളെ സി.എച്ച്.സി.-കളായി ഉയർത്തുന്നത്.

ബേഡഡുക്ക പി.എച്ച്.സി.-യിൽ ഐ.പി. യൂണിറ്റ് ആരംഭിക്കാൻ നടപടി

729 [1706] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക പി.എച്ച്.സി.-യിൽ ഐ.പി. യൂണിറ്റ് ആരംഭിക്കുന്നതിന് തസ്തികകൾ അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എപ്പോഴാണ് തസ്തികകൾ അനുവദിച്ചതെന്നും ഏതെല്ലാം തസ്തികകളാണ് അനുവദിച്ചതെന്നും അറിയിക്കാമോ;

(സി) മലയോര പിന്നോക്ക പ്രദേശത്ത് സ്ഥിതിചെയ്യുന്ന പി.എച്ച്.സി.-യിൽ ജീവനക്കാരെ അനുവദിച്ചിട്ടും ഇതുവരെ ഐ.പി. യൂണിറ്റ് ആരംഭിച്ചിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഐ. പി. യൂണിറ്റ് ആരംഭിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പി.എച്ച്.സി.-യിൽ എന്ന് ഐ.പി. യൂണിറ്റ് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുവദിച്ചിട്ടുണ്ട്.

(ബി) 27-1-1999-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (എം.എസ്) നം. 32/98 പ്രകാരമാണ് തസ്തികകൾ അനുവദിച്ചത്. അനുവദിച്ച തസ്തികകൾ ചുവടെ ചേർക്കുന്നു:

1.	അസിസ്റ്റന്റ് സർജൻ	.. 2
2.	സ്റ്റാഫ് നേഴ്സ്	.. 2
3.	നേഴ്സിംഗ് അസിസ്റ്റന്റ്	.. 1
4.	എച്ച്.എ. ഗ്രേഡ് I	.. 1
5.	എച്ച്.എ. ഗ്രേഡ് II	.. 1
6.	പാർട്ട്ടൈം സ്വീപ്പർ	.. 1

LIBRARY ARCHIVES Kerala Legislative Assembly